# പതിമൂന്നാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.4107 26.06.2013-ൽ മറുപടിക്ക്**

**വെള്ളൂർ വെളിയന്നൂർ പദ്ധതി**

| ചോദ്യം<br>ശ്രീ.കെ. അജിത് | | മറുപടി<br>ശ്രീ. പി.ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |
|---|---|---|
| (എ) | വെള്ളൂർ- വെളിയന്നൂർ പദ്ധതിയുടെ ഭാഗമായി കുറവിലങ്ങാട് പഞ്ചായത്തിൽ കുടിവെള്ള വിതരണ പദ്ധതിക്ക് വാട്ടർ ടാങ്ക് പണിയുന്നതിന് കുറവിലങ്ങാട് പഞ്ചായത്ത് സ്ഥലം കൈമാറുകയോ ആയത് വാട്ടർ അതോറിറ്റി ഏറ്റെടുക്കുകയോ ചെയ്തിട്ടുണ്ടോ യെന്നും എത്ര സെന്റ് സ്ഥലമാണ് കൈമാറിയതെന്നും വ്യക്തമാക്കുമോ; | (എ) വെള്ളൂർ- വെളിയന്നൂർ പദ്ധതിയുടെ ഭാഗമായി കുറവിലങ്ങാട് പഞ്ചായത്തിൽ കുടിവെള്ള വിതരണ പദ്ധതിക്ക് ഓലിയ്ക്കാമലയിൽ 5 ലക്ഷം ലിറ്റർ കപ്പാസിറ്റിയുള്ള ഉന്നതതല ജലസംഭരണി നിർമ്മിക്കുന്നതിന് 7.5 സെന്റ് സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് വാട്ടർ അതോറിറ്റിയ്ക്ക് കൈമാറിയിട്ടുണ്ട് |
| (ബി) | പ്രസ്തുത സ്ഥലത്ത് പ്രധാന പൈപ്പ് ലൈൻ, സമ്പ് പമ്പ് ഹൗസ്, വാട്ടർ ടാങ്ക് എന്നിവ പണിയുന്നതിന് കരാർ നൽകിയിരുന്നോ എന്നും, ആർക്കാണ് കരാർ നൽകിയതെന്നും എസ്റ്റിമേറ്റ് നിരക്കിനേക്കാൾ എത്ര ശതമാനം ഉയർന്ന നിരക്കിലാണ് കരാർ നൽകിയതെന്നും വെളിപ്പെടുത്താമോ ; | (ബി) ഓലിയ്ക്കാ മലയിൽ വാട്ടർടാങ്ക്, തോട്ടുവ സംപ് കം പമ്പ് ഹൗസ്, ടി പമ്പ് ഹൗസിലേയ്ക്ക് ശുദ്ധജലം എത്തിയ്ക്കുന്നതിനുള്ള ഗ്രാവിറ്റി മെയിൻ എന്നിവ നിർമ്മിക്കുന്നതിനുള്ള കരാർ നൽകിയിരുന്നു. ടാങ്ക്, സംപ്- കം- പമ്പ് ഹൗസ് എന്നിവ രമണി എസ്. നായർ എന്ന കരാറുകാരിക്ക് 2008 ലെ സർക്കാർ നിരക്കനുസരിച്ചുള്ള എസ്റ്റിമേറ്റ് തുകയേക്കാൾ 45% ഉയർന്ന നിരക്കിലും, ഗ്രാവിറ്റി മെയിൻ കരാറുകാരൻ |

ശ്രീ. എൻ. വി. ബേബിക്ക് 50% ഉയർന്ന നിരക്കിലുമാണ് 07/2009 ൽ കരാർ നൽകിയിരുന്നത്.

(സി) കരാർ പ്രകാരം ഏതൊക്കെ ജോലികളാണ് പൂർത്തീകരിച്ചിട്ടുള്ളതെന്നും ഇനി ഏതൊക്കെ ജോലികളാണ് പൂർത്തിയാക്കാനുള്ള തെന്നും, തുടർ ജോലികൾ ചെയ്യാത്തതിന്റെ കാരണം എന്തെന്നും വ്യക്തമാക്കാമോ ;

(സി) കരാർ പ്രകാരം അലരി ജംഗ്ഷൻ മുതൽ ഓലിയ്ക്കാമല വരെയുള്ള പൈപ്പ് ലൈനിന്റെ പണി പൂർത്തീകരിച്ചിട്ടുണ്ട്. സംപ് കം പമ്പ് ഹൗസിന്റേയും ഓലിയ്ക്കാമല ടാങ്കിന്റെയും കൂടെ കരാർ ചെയ്യപ്പെട്ടിരുന്ന ഞീഴൂർ പഞ്ചായത്തിലേയ്ക്കും കടുത്തുരുത്തി പഞ്ചായത്തിലേയ്ക്കും വേണ്ടിയുള്ള പൈപ്പ് ലൈനിന്റെ പണി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തു. തോട്ടുവായിലെ 74,000 ലിറ്റർ ഭൂതല സംപിന്റെ നിർമ്മാണത്തിനാവശ്യമായ സ്ഥലം പഞ്ചായത്ത് കൈമാറിയിട്ടില്ല. കൂടാതെ ഓലിയ്ക്കാമലയിലെ ടാങ്കിന്റെ സ്ഥലത്തേയ്ക്ക് പോകുന്നതിനും വിതരണ പൈപ്പ് ഇടുന്നതിനും 20 മീറ്റർ ഉയരമുള്ള ഉന്നതതല സംഭരണി പണിയുന്നതിനും വേണ്ട ലിഫ്റ്റ്, മിക്സർ, സ്കാഫോൾഡിംഗ്, കമ്പി, സിമന്റ് തുടങ്ങിയ സാധന സാമഗ്രികൾ കൊണ്ടു പോകുന്നതിനുള്ള വഴിയും ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ടാങ്കിന്റേയും സംപ് കം പമ്പ് ഹൗസിന്റേയും നിർമ്മാണം നടത്തിയിട്ടില്ല.

(ഡി) പ്രസ്തുത ജോലിയുമായി ബന്ധപ്പെട്ട് ഏതെങ്കിലും ഉദ്യോഗസ്ഥർ 'പഞ്ചായത്ത് സ്ഥലം കൈമാറിയിട്ടില്ല' എന്ന് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് ഉദ്യോഗസ്ഥരാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) ടാങ്കിന്റെ നിർമ്മാണത്തിന് ആവശ്യമായ സാധനസാമഗ്രികൾ കൊണ്ടു പോകുന്നതിലേക്കാവശ്യമായ വഴിയും തോട്ടുവയിൽ സംപ് നിർമ്മിക്കുന്നതിലേക്കായി 40 ച.മീറ്റർ സ്ഥലവും ലഭ്യമാക്കണമെന്ന് വളരെയേറെ തവണ

ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പഞ്ചായത്തിനെ അറിയിക്കുകയും, കലതാമസം വരുന്നതിനാൽ കരാറുകാർ ഒഴിയുന്നതിന് ശ്രമിക്കുകയാണെന്നും ഓർമ്മപ്പെടുത്തിയിരുന്നു. പദ്ധതിക്ക് അനുമതി ലഭിച്ച് 13 വർഷമായിട്ടും ആവശ്യം വേണ്ട സ്ഥലം മുഴുവനായും ഏറ്റെടുത്ത് നൽകുന്നതിന് പഞ്ചായത്തിന് സാധിച്ചിട്ടില്ലാത്തതുമാകുന്നു.

(ഇ) കുറവിലങ്ങാട് പഞ്ചായത്തിൽ ജലവിതരണ പൈപ്പുകൾ സ്ഥാപിക്കുന്നതിന് അനുമതി ലഭിച്ചിട്ടും എന്തുകൊണ്ടാണ് പൈപ്പുകൾ സ്ഥാപിക്കാത്തതെന്നും, ഇവിടെ അനുവദിച്ച പൈപ്പുകൾ മറ്റേതെങ്കിലും പഞ്ചായത്തിലേയ്ക്ക് മാറ്റി സ്ഥാപിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ മാറ്റുന്നതിന് അനുമതി ലഭിച്ചിട്ടുണ്ടോയെന്നും വെളിപ്പെടുത്തുമോ;

(ഇ) കുറവിലങ്ങാട് പഞ്ചായത്തിലെ ടാങ്കും സംപ്പും പണിയുവാൻ സാധിയ്ക്കാത്തതിനാൽ വിതരണ പൈപ്പുകൾ ഇടുന്നതിനുള്ള എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടില്ല. ഇവിടേയ്ക്ക് അനുവദിച്ച പൈപ്പുകൾ മറ്റ് പഞ്ചായത്തുകളിലേയ്ക്ക് മാറ്റി സ്ഥാപിച്ചിട്ടില്ല.

(എഫ്) കുറവിലങ്ങാട് പഞ്ചായത്തിൽ പ്രസ്തുത പണികൾ നടക്കാത്തതുമൂലം ഖജനാവിന് എത്ര നഷ്ടം വന്നിട്ടുണ്ടെന്നും ഇതുമൂലം ജനങ്ങൾക്കുണ്ടായ ബുദ്ധിമുട്ടുകൾ എന്തൊക്കെയാണെന്നും ആയതിന് ഏതൊക്കെ ഉദ്യോഗസ്ഥരാണ് ഉത്തരവാദികളെന്നും, ക്രമക്കേട് നടത്തിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വെളിപ്പെടുത്തുമോ?

(എഫ്) കുറവിലങ്ങാട് പഞ്ചായത്തിൽ ജലവിതരണ പൈപ്പുകൾ സ്ഥാപിക്കുന്നതിന് എസ്റ്റിമേറ്റ് അംഗീകരിച്ചിട്ടില്ലാത്തതും ഖജനാവിന് നഷ്ടം വന്നിട്ടില്ലാത്തതുമാകുന്നു.

24.07.2012-ൽ സ്ഥലം എം.എൽ.എ.യുടെ സാന്നിദ്ധ്യത്തിൽ ജലവിഭവ വകുപ്പ് മന്ത്രിയുടെ അസംബ്ലി ചേംബറിൽവച്ച് നടന്ന കടുത്തുരുത്തി നിയോജക മണ്ഡല ത്തിലെ വെളിയന്നൂർ പദ്ധതിയുടെ അവലോകന യോഗത്തിൽ ഇക്കാര്യം ചർച്ച ചെയ്യുകയും പ്രോജക്ടിന് അനുവദിച്ച തുകയേക്കാൾ 30 ശതമാനത്തിലും അധികം ചെലവ് വന്നതിനാലും കുറവിലങ്ങാടിന്

ആവശ്യം വേണ്ട സ്ഥലം ലഭിച്ചിട്ടി
ല്ലാത്തതിനാലും നിലവിലുള്ള
ജോലികൾ അവസാനിപ്പിച്ച് ടാങ്കും
സംപ്പും പമ്പ് ഹൗസും വിതരണ
ശൃംഖലയും ഉൾ പ്പെടുത്തി ഒരു
പുതിയ പദ്ധതി തയ്യാറാക്കുവാൻ
തീരുമാനിച്ചു. ആയതിനുള്ള
നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ